# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6698 9-11-2016 -ൽ മറുപടിക്ക്**

## വൈദ്യുതി ബോർഡിന്റെ കടം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന വൈദ്യുതി ബോർഡിന്റെ കടം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ വെളിപ്പെടുത്താമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷാവസാനത്തിലുള്ള വൈദ്യുതി ബോർഡിന്റെ കടം ചുവടെ ചേർക്കുന്നു. (താഴെ പട്ടിക കാണുക) |
| (ബി) | കടം വർദ്ധിച്ചുവരുമ്പോഴും സ്വകാര്യ ഉൽപാദകരിൽ നിന്നും വൈദ്യുതി വാങ്ങാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; | (ബി) & (സി) & (ഡി) | കേരളത്തിലെ ആഭ്യന്തര ഉല്പാദനംമൊത്തം വൈദ്യുതി ആവശ്യകതയുടെ ഏകദേശം 30 ശതമാനം മാത്രമാണുള്ളത്. ബാക്കിയുള്ള വൈദ്യുതി ആവശ്യകത നിറവേറ്റാൻ കേന്ദ്ര വിഹിതം, ബിഡ്ഡിംഗ്/ എം.ഒ.യു. വഴിയുള്ള പർച്ചേസ്/എക്സ്ചേഞ്ച് തുടങ്ങിയവയെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ആശ്രയിക്കുന്നു. സാധാരണയായി ബിഡ്ഡിംഗ് വഴിയാണ് വൈദ്യുതി വാങ്ങിക്കാറുള്ളത്. ബിഡ്ഡിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യുന്നവരുമായാണ് കരാറിൽ ഏർപ്പെടുന്നത്. അതിൽ മറ്റ് സംസ്ഥാനങ്ങൾക്കും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്കും പങ്കെടുക്കാവുന്നതാണ്. |
| (സി) | സ്വകാര്യ മേഖലയെ ആശ്രയിക്കുന്നതിനു പകരം മറ്റ് സംസ്ഥാനങ്ങളിൽ നിന്നോ കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നോ വൈദ്യുതി വാങ്ങാൻ ശ്രമങ്ങൾ നടത്തുമോ; | | |
| (ഡി) | സ്വകാര്യ ഉൽപാദകരിൽ നിന്ന് വൈദ്യുതി വാങ്ങി കൂടുതൽ കടക്കെണിയിലേക്ക് നീങ്ങുന്ന ബോർഡിന്റെ തീരുമാനം പുന: പരിശോധിക്കുമോ? | | |

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | ദീർഘ കാല വായ്പ | ഹ്രസ്വകാല വായ്പ | ആകെ |
|---|---|---|---|
| 2013-14 | 2957.48 | 2303.62 | 5261.10 |
| 2014-15 | 3699.35 | 2110.48 | 5809.83 |
| 2015-16 | 3753.51 | 2171.94 | 5925.45 |

Hemalatha

**സെക്ഷൻ ഓഫീസർ**